
THE
BIBLE TRUTH


# "സുവിശേഷം അനുസരിക്കൽ"

## സുവിശേഷം

(റോമർ 1:16)

യോഹന്നാൻ 3:16

പ്രവൃത്തി 2:38




എഫെസ്യർ 2:8

എബ്രായർ 5:9

## സുവിശേഷം അനുസരിക്കൽ

# THE BIBLE TRUTH

Editors

P. K. VARGHESE J. C. CHOATE

000 000 000

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 12 January 1999 No. 10


## എഡിറ്റോറിയൽ

**സാ**മുദായിക സംഘട്ടനങ്ങളും വർഗ്ഗീയ ചേരിതിരിവും സ്പർദ്ധയും കാണാൻ തുടങ്ങിയിട്ടു വളരെക്കാലമായി. ഇന്നും അതു തുടരുന്നുണ്ട്; പല രീതിയിലും ഭാവത്തിലും ആണ്. എന്തുകൊണ്ടാണ് മനുഷ്യൻ സംസ്ക്കാര സമ്പന്നനായി തീർന്നു എന്നു വാദിക്കുന്നവർക്കിടയിലും ഇതു നിലനില്ക്കുന്നതു? സമൂഹത്തിൽ നിന്നു ഈ നാശകരമായ സ്ഥിതി നീക്കുവാൻ എന്താണ് ചെയ്യേണ്ടത്? ചില സന്ദർഭങ്ങളിൽ നിസാരമായ കുടുംബ പ്രശ്നങ്ങൾ ആണ് വർഗ്ഗീയ സംഘട്ടനത്തിലേക്ക് മാറുന്നത്. വിവേചനാശക്തി നഷ്ടപ്പെടുമ്പോഴാണല്ലൊ അവിവേകങ്ങൾ പ്രവർത്തിക്കുന്നത്. മനുഷ്യനിൽ കുടികൊള്ളുന്ന വികാരത്തിനു കീഴ്പ്പെടുന്നവർ ദീർഘ വീക്ഷണമില്ലാതെ, ശരിയായി ചിന്തിക്കാതെ എടുത്തു ചാടി പ്രവർത്തിക്കുന്നു. ഇതു നമ്മെ കീഴ്പ്പെടുത്താതിരിക്കാൻ വേണ്ട പ്രതിവിധി കണ്ടെത്തണം. തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന മുന്നറിയിപ്പുകൾ നാം പാലിക്കണം. സംയമനം പാലിക്കാൻ സഹന ശക്തി വേണം. എല്ലാവർക്കും അതില്ല എന്നു നമുക്ക് അറിയാം പക്ഷെ അത് സ്വായത്തമാക്കുവാൻ ദൈവം നമുക്ക് ബുദ്ധി ഉപദേശിച്ചു തരുന്നു.

മത പീഢനങ്ങളും വർഗ്ഗീയ കലാപങ്ങളുടേയും കാരണം അന്വേഷിച്ചാൽ തെറ്റിദ്ധാരണയും, കാര്യകാരണമില്ലാത്ത ഭയവും അവഗണനയും എല്ലാം ഇതിന്റെ പിന്നി

ൽ നമുക്ക് കാണാൻ കഴിയും. ഇതെല്ലാം തികച്ചും ജഡികമായ സ്വഭാവത്തിൽ നിന്നും ഉരുത്തിരിഞ്ഞതാണ്. ജഡാഭിലാഷം അടക്കുവാൻ ആർക്കും കഴിയുന്നില്ല. തീവ്രമായ വികാരം മനുഷ്യനെ അന്ധനാക്കി തീർക്കും. സാമാന്യ ബുദ്ധിക്കു കാര്യക്ഷമത കുറയുകയും ചെയ്യും. അതു മനസ്സിലാക്കിത്തീരിക്കുന്നത് കഷ്ടമാണ്. ഒരു മതത്തിൽ പെട്ടവർ മററു മതത്തിലുള്ളവരെ പല വിധത്തിൽ ഉപദ്രവിക്കും. അന്ത്യകാലത്തു ഇങ്ങനെ സംഭവിക്കും എന്നു ബൈബിളിൽ മുന്നറിയിച്ചിട്ടുണ്ട്. വിദ്യാഭ്യാസമോ സംസ്ക്കാരമോ ഒന്നും ഇതിനു തടസമല്ല എന്നതാണ് വാസ്തവം. അറിവില്ലായ്മയും ഒരു കാരണമാണ്. അവർക്ക് ഇഷ്ടമല്ലാത്തതിനെ കണ്ണടച്ച് എതിർക്കുന്ന മനോഭാവക്കാരുമുണ്ട്. പക്ഷെ സത്യത്തെ തടുക്കുകയോ എതിർക്കുകയോ ചെയ്യുവാൻ അവർക്കു കഴിവില്ല. അതുകൊണ്ടാണ് ആളുകളെ ആക്രമിക്കുന്നത്. നിരപരാധികളായ ജനങ്ങളെ ഭീഷണിപ്പെടുത്തി ഉപദ്രവിച്ച് ഇല്ലാതാക്കാൻ ശ്രമിക്കുന്നത് ഭോഷത്വമാണ്.

ഒന്നാം നൂററാണ്ടിൽ ക്രിസ്ത്യാനികൾക്കു നേരെ അനുഭവപ്പെട്ട ഉപദ്രവം വളരെ ക്രൂരമായിരുന്നു. അനേകർ വിശ്വാസത്തിൽ മരിച്ചു. രക്തസാക്ഷികളായവരും ഉണ്ട്. എന്റെ നിമിത്തം നിങ്ങളെ ആളുകൾ പഴിച്ചുകൊണ്ടു കളവായി പലതും പറയുമ്പോൾ നിങ്ങൾ ലജ്ജിക്കരുത്. നാം അതു സഹിക്കുകയാണെങ്കിൽ ഭാഗ്യവാന്മാരായി തീരും. പ്രതിഫലം നമുക്ക് ദൈവം തരും. പ്രതികാരം കൊടുക്കുന്നത് ദൈവമായിരിക്കണം. പ്രതികാരം നമുക്കുള്ളതല്ല. നമ്മെ പീഡിപ്പിക്കുന്നവർക്ക് കർത്താവ് പീഡ കൊടുക്കും. നമുക്കോ ദൈവം ആശ്വാസം തരും. പക്ഷെ നാം നമ്മുടെ വിശ്വാസത്തിൽ ഉറച്ചവരായിരിക്കണം. ഏതു പ്രതികൂല സാഹചര്യത്തേയും ഭയപ്പെടാതെ ധൈര്യത്തോടെ അതിജീവിക്കുക.

★

# സഭ എന്നാൽ എന്ത്

**J. C. ചോട്ട്**

**ലോ**കത്തിൽ ധാരാളം 'സഭകൾ' ഉള്ളതായി നമുക്ക് അറിയാം. പൊതുവെ എല്ലാം ദൈവത്തിൻേറത് എന്നു അവകാശപ്പെടുകയും ചെയ്യുന്നുണ്ട്. എന്നാൽ സഭയെ കുറിച്ച് വാസ്തവത്തിൽ അതെന്താണെന്ന് അസാധാരണമായ ആശയങ്ങൾ പറഞ്ഞുകേൾക്കുന്നുണ്ട്. ആളുകൾ ഒരുമിച്ചു കൂടി ദൈവത്തെ ആരാധിക്കുന്ന സ്ഥലത്തെ അനേകർ ചർച്ച് അല്ലെങ്കിൽ പള്ളി എന്നു പറയുന്നുണ്ട്. ചിലർ കരുതുന്നത് നാമധേയ വിഭാഗമായിട്ടാണ്. എല്ലാ നാമധേയ വിഭാഗങ്ങളെയും ചേർത്തുള്ള കൂട്ടത്തെ സഭ എന്നു ധരിച്ചുവെച്ചിരിക്കുന്നവരുണ്ട്. അവ തമ്മിലുള്ള പേരിലും ഉപദേശത്തിലും ഉള്ള വ്യത്യാസം അറിയാതെയാണ് അവർ ഈ നിഗമനത്തിൽ എത്തുന്നത്. കാര്യകാരണ വിവേചനം നടത്താതിരിക്കുന്നവർ കേൾക്കുന്നതു ശരി എന്നു കരുതും.

വാസ്തവത്തിൽ സഭ എന്തെന്നു അറിയുവാൻ പുതിയ നിയമം വായിച്ചു മനസിലാക്കണം. "എക്ലേസിയ" എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് സഭ എന്ന വാക്കു നമുക്ക് കിട്ടിയത്. അതിൻെറ അർത്ഥമോ 'വിളിക്കപ്പെട്ടവർ എന്നത്രെ. ലോകത്തിൽ നിന്നും കർത്താവ് ആളുകളെ വിളിച്ചു വേർതിരിക്കുന്നു. അവർ തൻെറ ജനമായി തീരുവാൻ ഒരു കൂട്ടം അല്ലെങ്കിൽ ശരീരമായി മാറുന്നു. സുവിശേഷത്താലാണ് ദൈവം മനുഷ്യരെ ഇന്നു വിളിക്കുന്നത്. തിരുവെഴുത്തിൻ പ്രകാരം യേശു മരിച്ചു; അടക്കപ്പെട്ടു, ഉയിർത്തെഴുന്നേററു എന്നു വിശ്വസിക്കേണ്ടതിനാണ് (1 കൊരിന്ത്യർ 15:1-4). സുവിശേഷം സർവ്വ ലോകത്തിലും പ്രസംഗിക്കുവാൻ ക്രിസ്തു കല്പന കൊടുത്തതിൻെറ ഉദ്ദേശം അതായിരുന്നു. വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവരുടെ പാപങ്ങൾ ദൈവം

മോചിച്ചുകൊടുത്തു (മർക്കൊസ് 16:15-16). ഇങ്ങനെ രക്ഷിക്കപ്പെടുന്നവരെ കർത്താവു തന്നെയാണ് സഭയോടു ചേർത്തുകൊണ്ടിരിക്കുന്നത് (പ്രവൃത്തി 2:47). ദൈവത്തിന്റെ മുൻ നിർണ്ണയ പദ്ധതി പ്രകാരമാണ് ഇതെല്ലാം സംഭവിക്കുന്നത്.

യേശു, തന്റെ മരണത്തിനു മുൻപുതന്നെ സഭ പണിയുമെന്ന് വാഗ്ദാനം ചെയ്തിരുന്നു (മത്തായി 16:18). സഭ ആദ്യമായി സ്ഥാപിച്ചത് യെരുശലേമിൽ ആയിരുന്നു. കർത്താവിന്റെ വാഗ്ദാനം അനുസരിച്ച് അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവിന്റെ ശക്തി വരികയും അവർ ദൈവത്തിൻ വൻകാര്യങ്ങളായ ക്രിസ്തുവിന്റെ സുവിശേഷം ആദ്യമായി പ്രസംഗിച്ചു. അന്നു സകല ദേശക്കാരിൽ നിന്നും ഭാഷക്കാരിൽ നിന്നും വന്നുകൂടിയ യഹൂദന്മാർ അവിടെ സന്നിഹിതരായിരുന്നു. ഇതു നടന്നത് യേശുവിന്റെ ഉയിർപ്പിനുശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തു നാളിൽ ആയിരുന്നു. ഉദ്ദേശം എ. ഡി. 33-ൽ ആയിരുന്നു.

വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവ് ലഭിച്ച അപ്പൊസ്തലന്മാർ, ആത്മാവിനാൽ നയിക്കപ്പെട്ടു. യേശു എങ്ങനെ ജീവിച്ചു എന്നും അവൻ ചെയ്ത നന്മകൾ ഏതെല്ലാമെന്നും വ്യക്തമാക്കി. എന്നാൽ ദുഷ്ടരായ ആളുകൾ നിരപരാധിയായ യേശുവിനെ ക്രൂശിൽ തറെപ്പിച്ചു കൊന്നു. പക്ഷെ ദൈവം അവനെ പാതാളത്തിൽ വിട്ടു കളഞ്ഞില്ല; അവനെ ഉയിർപ്പിച്ചു പിതാവിന്റെ വലത്തു ഭാഗത്തു വാഴുവാനായി ഇരുത്തി. ഇതായിരുന്നു അവരുടെ പ്രസംഗത്തിലെ ഉള്ളടക്കം. പ്രസംഗത്തിന്റെ അവസാനം അനവധി പേർ അവരുടെ പാപങ്ങളെകുറിച്ചു ബോധ്യം വന്നിട്ടു അത്യുച്ചത്തിൽ ചോദിക്കയുണ്ടായി' സഹോദരന്മാരായ പുരുഷന്മാരെ ഞങ്ങൾ എന്തു ചെയ്യേണ്ടു? അവർ അവരുടെ പാപങ്ങളിൽ നിന്നും മാനസാന്തരപ്പെട്ടു

പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനവും ലഭിക്കും എന്നു പറഞ്ഞു (പ്രവൃത്തി 2:38,40). രക്ഷിക്കപ്പെട്ടവരെ കർത്താവ് സഭയോടു ചേർക്കുകയും ചെയ്തു.

സഭയെ സംബന്ധിച്ചും സഭയിലേക്കു ആളുകളെ ചേർക്കുന്നതിനെയും പററി ആദ്യമായി തിരുവെഴുത്തിൽ പറയുന്നതു ഇവിടെയാണ്. തുടർന്നു നാം അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകം വായിക്കുമ്പോൾ സുവിശേഷം വീണ്ടും വീണ്ടും അവിടെ പ്രസംഗിക്കയുണ്ടായി. അവിടെ മാത്രമല്ല, യെരുശലേമിനു ചുററുമുള്ള രാജ്യങ്ങളിലും ഘോഷിക്കയുണ്ടായിട്ടുണ്ട്. അങ്ങനെ ലോകം മുഴുവൻ പ്രചരിപ്പിക്കയും ചെയ്തു. സുവിശേഷം അങ്ങനെ എല്ലാ ദേശത്തും വ്യാപിച്ചു.

ക്രിസ്തു ഒരേ ഒരു സഭയാണ് സ്ഥാപിച്ചത് (എഫെസ്യർ 4:4) രക്ഷിക്കപ്പെടുന്നവർ ഉൾപ്പെടുന്ന സഭ ലോകത്തിൽ ഉടനീളം നിലനില്ക്കുന്നുണ്ട്. ഇടവകകൾ എന്ന രൂപത്തിൽ അവ ഓരോ പ്രദേശങ്ങളിലും ഉണ്ട് (റോമർ 16:16). എല്ലാ ഇടവകകളേയും ചേർത്തു സഭ, ക്രിസ്തുവിന്റെ സഭ എന്നു പറയുന്നു.

ക്രിസ്തു സ്ഥാപിച്ചത് ഒരു സഭ മാത്രമാണ് (എഫെസ്യർ 4:4). അതിൽ ഉൾപ്പെടുന്നത് ലോകത്തിൽ എങ്ങുമുള്ള രക്ഷിക്കപ്പെട്ടവർ മാത്രമാണ്. ഓരോ പ്രദേശത്തിലും ഇടവകകൾ ഉണ്ടെങ്കിലും എല്ലാം ചേർത്ത് സഭ എന്നു അറിയപ്പെടുന്നു.

ക്രിസ്തു, സഭയുടെ അധികാരിയും തലയും ആകുന്നു (കൊലൊസ്യർ 1:18). സഭയുടെ രക്ഷിതാവ് ക്രിസ്തുവാണ് (എഫെസ്യർ 5:23). വീണ്ടെടുപ്പിന്റെ മറുവിലയായി അവൻ തന്റെ ജീവനും രക്തവും കൊടുത്തു

സകല അധികാരവും അവനിൽ കേന്ദ്രീകരിച്ചിരിക്കുന്നു. തന്നെയുമല്ല സഭയുടെ അടിസ്ഥാനം അവൻ തന്നെയാണ് മറെറാന്നു ഇടുവാൻ ആർക്കും കഴിയുകയില്ല (1 കൊരിന്ത്യർ 3:11).

സഭ അറിയപ്പെടേണ്ടത് ക്രിസ്തുവിൻെറ നാമത്തിലാണ്. കാരണം സഭ എന്നത് അവൻെറ മണവാട്ടിയാണ് മണവാട്ടി മണവാളൻെറ പേരോടുകൂടി അറിയപ്പെടുന്നു (എഫെസ്യർ 5:25-32). കർത്താവിൻെറ ശരീരത്തിലെ അംഗങ്ങളായ ആളുകൾ സഭയിൽ അറിയപ്പെടേണ്ടത് ക്രിസ്ത്യാനികൾ എന്ന പേരിലാണ്. വ്യക്തികൾ ക്രിസ്തുവിനെപോലെ എന്ന അർത്ഥം വരത്തക്ക വിധമാണ് കാണപ്പെടേണ്ടത് (പ്രവൃത്തി 11:26; 1 പത്രൊസ് 4:16).

യേശു ഈ ലോകത്തിലായിരുന്നപ്പോൾ തൻെറ ജനത്തിൻെറ ഐക്യതക്കു വേണ്ടി അവൻ പ്രാർത്ഥിച്ചു. ഭാവിയിൽ നിലനില്ക്കേണ്ടവർ എല്ലാം ഒന്നായി കാണുവാൻ യേശു ആഗ്രഹിച്ചു. സത്യത്തിലും ആത്മാവിലും അവർ ഒരുമിച്ചു ചേർന്നു ആരാധിക്കണമെന്നും അവൻ ആജ്ഞ കൊടുത്തു. ആഴ്ച്ച വട്ടത്തിൻെറ ഒന്നാം നാളിൽ കർത്താവിനെ നമസ്ക്കരിക്കേണ്ടതിനെയും അവൻ ഓർപ്പിച്ചു. കർത്തൃമേശയിൽ നിന്നു ഭക്ഷിക്കയും പാനം ചെയ്യുകയും ചെയ്യുന്നതിലൂടെയാണ് അതു സാദ്ധ്യമാകുന്നതു (യോഹന്നാൻ 4:24; പ്രവൃത്തി 20:7).

ശരീരവും തലയും മനുഷ്യനിൽ എങ്ങനെയാണോ അങ്ങനെയാണ് കർത്താവും തൻെറ ആത്മിയ ശരീരമാകുന്ന സഭയും (കൊലൊസ്യർ 1:18; എഫെസ്യർ 4:4). സഭയെ ദൈവ ഭവനമായും ചിത്രീകരിച്ചിട്ടുണ്ട് (1 തിമൊഥെയോസ് 3:15). ദൈവത്തിൻെറ മക്കൾ അടങ്ങുന്ന ആത്മിയ ഭവനമാണത്. ഒരഭയ സ്ഥാനവും സങ്കേതവുമാണ് സഭ.

★

# കർത്താവിൻെറ അത്താഴം

## ഗ്യാരി. സി. ഹാമ്പ്ടൺ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

അവൻെറ വീണ്ടും വരവു വരെ അവൻെറ മരണത്തെ പ്രസ്താവിക്കേണ്ടതും ഇതു തുടരേണ്ടതുമാണ് എന്ന് വ്യക്തമാക്കുന്നു (1 കൊരിന്ത്യർ 11·23-34).

ആകയാൽ കർത്തൃമേശയിൽ നിന്നു പങ്കിടുന്ന ഓരോ ക്രിസ്ത്യാനിയും ഒരു ഓർമ്മ പെരുന്നാരം ആഘോഷിക്കുകയാണ്. തനിക്കു വേണ്ടി ചെയ്ത ഒരു വലിയ യാഗത്തെ ഓരോരുത്തരും ഗൗരവമായി ചിന്തിക്കേണ്ടതാണ്. നമുക്കു അപര്യാപ്തമായതു സാദ്ധ്യമാക്കിത്തന്ന പ്രവൃത്തിയാണത്. നമ്മുടെ പാപങ്ങരം നീക്കുവാൻ പാപം ചെയ്യാത്ത നിസ്വാർത്ഥനായ യേശു ക്രൂശിൽ മരിപ്പാൻ തന്നെത്തന്നെ ഏല്പിച്ചു കൊടുത്തു. അതു ഹൃദയ പൂർവ്വം കൊണ്ടാടാതിരിക്കുന്നത് തന്നെ പാപമാണ്. അതു കൊണ്ടു അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിൻെറ പാനപാത്രം കുടിക്കയോ ചെയ്യുന്നവൻ എല്ലാം കർത്താവിൻെറ ശരീരവും രക്തവും സംബന്ധിച്ചു കുററക്കാരൻ ആകും. ഒരുമിച്ചു കൂടുന്നതു ന്യായവിധിക്കു ഹേതുവാകാതിരിക്കണം (1 കൊരിന്ത്യർ 11;27,34).

## പെസഹ കർത്തൃമേശക്കു ഒരു മുൻനിഴൽ

കർത്താവിൻെറ അത്താഴത്തിൻെറ ഒരു നിഴലായിരുന്നു പെസഹ. മിസ്രയിം അടിമത്വത്തിൽ നിന്നു മോചിതമായതിനെ ഓർക്കുന്നതിനു ഇസ്രായേൽ ജനം വർഷത്തിലൊരിക്കൽ ആചരിച്ചിരുന്ന ഒന്നായിരുന്നു പെസഹ (പുറപ്പാട് 11:1-8;12:25-27). ഒരു പാപിയെ സഭയിലെ കൂട്ടായ്മയിൽ നിന്നും പിൻവലിക്കുന്നതിനെ കുറിച്ച് കൊരിന്ത്യരെ പ്രബോധിപ്പിക്കയുണ്ടായി. നിങ്ങരം പുളിപ്പി

ല്ലാത്തവരായിരിപ്പാൻ തക്കവണ്ണം പുതിയ പിണ്ഡം ആകേണ്ടതിനു പഴയ പുളിമാവിനെ നീക്കിക്കളവിൻ. നമ്മുടെ പെസഹ കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തു തന്നെ (1 കൊരിന്ത്യർ 5:7). ക്രിസ്ത്യാനികളെ കർത്താവ് പാപത്തിൽ നിന്നു വിടുവിച്ച കർത്താവിനെ അനുസ്മരിക്കുന്ന ആഘോഷമാണ് കർത്തൃമേശ (റോമർ 6:16-18; എഫെസ്യർ 1:7; എബ്രായർ 4:22,28). ക്രിസ്തു നമുക്കു വേണ്ടി നുറുക്കപ്പെട്ട കുഞ്ഞാടായിരുന്നു.

## മേശയിലെ രണ്ട് മൂലകങ്ങൾ

മേശയിൽ പങ്കെടുക്കുന്നവർക്ക് അറിയാം അതിൽ ഉൾപ്പെടുന്ന രണ്ടു മൂലകങ്ങൾ. ഒന്ന്, അപ്പം. രണ്ട്, മുന്തിരിവള്ളിയുടെ അനുഭവമാകുന്ന പാനപാത്രം (മത്തായി 26:26-28; മർക്കൊസ് 14:23-25). പുളിപ്പില്ലാത്ത അപ്പമായിരുന്നു കർത്താവും ശിഷ്യന്മാരും എടുത്തിരുന്നത്. ദൈവ ജനമായിരുന്ന യഹൂദന്മാരോടു പ്രസ്താവിക്കുവാൻ ദൈവത്തിന്റെ അരുളപ്പാട് മോശെക്കു ലഭിച്ചിരുന്നു. അതു ഇപ്രകാരമായിരുന്നു: ഏഴു ദിവസം നിങ്ങൾ പുളിപ്പില്ലാത്ത അപ്പം തിന്നേണം; ഒന്നാം ദിവസം തന്നേ പുളിച്ച മാവു നിങ്ങളുടെ വീടുകളിൽ നിന്നു നീക്കേണം; ഒന്നാം ദിവസം മുതൽ ഏഴാം ദിവസം വരെ ആരെങ്കിലും പുളിപ്പുള്ള അപ്പം തിന്നാൽ അവനെ ഇസ്രായേലിൽ നിന്നു ഛേദിച്ചു കളയേണം (പുറപ്പാട് 12:15).

പുളിപ്പില്ലാത്ത അപ്പത്തിന്റെ ഒന്നാം നാളിൽ എന്ന മത്തായിയുടെ വിവരണം വളരെ ശ്രദ്ധേയമാണ് (മത്തായി 26:7). ആ ഭാഗത്തു വീണ്ടും വായിക്കുമ്പോൾ താഴെ പറയുന്ന ഭാഗങ്ങളാകാം ചിലരെ ആശയ കുഴപ്പത്തിൽ എത്തിക്കുന്നത്. പക്ഷെ നാം തെറ്റിദ്ധരിക്കരുതു.

★

# ക്രിസ്തുവിൻെറ സഭയുടെ ഉപദേശം

## ഫ്രാൻസിസ് ഡേവിഡ്

ക്രിസ്തുവിൻെറ സഭയിലുള്ള നാം കാലാകാലങ്ങളിൽ നേരിട്ടുകൊണ്ടിരിക്കുന്ന ആരോപണമാണ്, നാം ക്രിസ്തുവിൻെറ സഭക്കു ഉപദേശം ഉണ്ടാക്കിയിരിക്കുന്നുവെന്നും അതാണ് ക്രിസ്തുവിൻെറ സഭയുടെ ഉപദേശം എന്നതും. ഞങ്ങൾക്കു ഞങ്ങളുടെ ഈ സ്നേഹിതരോടു പറയുവാനുള്ളതു ഞങ്ങൾക്കു ഞങ്ങളുടേതായ ഉപദേശമില്ല, പകരം ഞങ്ങൾ പറയുന്നതും പഠിപ്പിക്കുന്നതും ക്രിസ്തു പഠിപ്പിച്ച ഉപദേശ രൂപമാണ്. ക്രിസ്തുവിൻെറ അധികാരത്താൽ മററുള്ളവരെ പഠിപ്പിക്കയാണ് ചെയ്യുന്നത്. ക്രിസ്തുവിൻെറ ഉപദേശം ബൈബിളിൽ ഉൾപ്പെട്ടിരിക്കുന്നു. മുൻവിധി കൂടാതെ അന്വേഷിച്ചാൽ അഥവാ പരിശോധിച്ചാൽ നിങ്ങൾക്കു ഞങ്ങൾ പഠിപ്പിക്കുന്നതു അങ്ങനെ തന്നെയോ എന്നു മനസിലാകും.

എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിൻെറ മനുഷ്യൻ തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും പ്രയോജനം ഉള്ളതു തന്നെ (2 തിമൊഥെയോസ് 3:16). തിരുവെഴുത്തുകൾ എല്ലാം തന്നെ ഉപദേശിപ്പാൻ പ്രയോജനമുള്ള ദൈവശ്വാസീയമായ വാക്യങ്ങളാണ്. വാക്യങ്ങൾ എവിടെ സംസാരിക്കുന്നുവോ അവിടെ ഞങ്ങൾ സംസാരിക്കയും വാക്യങ്ങൾ എവിടെ നിശബ്ദത പാലിക്കുന്നുവോ അവിടെ ഞങ്ങൾ നിശബ്ദത പാലിക്കയും ചെയ്യുന്നു. വചന വിരുദ്ധമായി ഞങ്ങൾ പഠിപ്പിക്കയോ പ്രസംഗിക്കയോ ചെയ്യുന്നില്ല. വാസ്തവത്തിൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതിനോടു കൂട്ടുവാനോ കുറയ്ക്കുവാനോ പാടില്ലെന്നു നമ്മെ മുന്നറിയിച്ചിട്ടുണ്ട് (വെളിപ്പാട് 22:18-19).

ബൈബിളിൽ നിന്നു ചിലതു അവഗണിക്കുകയോ നീക്കം ചെയ്യുകയോ ഏതാണ്ടും കാര്യങ്ങൾ കൂട്ടിച്ചേർക്കുകയോ ചെയ്ത ക്രിസ്ത്യാനിത്വത്തെയാണ് ഇന്നു നാം മതപരമായി ലോകത്തു കാണുന്നത്. അതുകൊണ്ടാണ് ക്രിസ്ത്യാനിത്വം ഇന്നു അനേക വിഭാഗങ്ങളായി അകന്നു കഴിയുന്നതു. ബൈബിൾ പഠിപ്പിക്കാതെ മനുഷ്യ കല്പനകൾ കൂട്ടിച്ചേർത്തു മനുഷ്യരെ പഠിപ്പിക്കയും ആളുകൾ അതിനെ അന്ധമായി പാലിക്കുകയും ചെയ്യുന്നു. അങ്ങനെ അവർ ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കാതെ വിട്ടുകളയുന്നു. അപ്പൊസ്തലനായിരുന്ന യോഹന്നാന്റെ കാലയളവിലും ഇത്തരം ആളുകൾ ഉണ്ടായിരുന്നിരിക്കണം. അതുകൊണ്ടോ ഭാവിയിൽ ആളുകൾ ക്രിസ്തുവിന്റെ ഉപദേശം വിട്ട് അകന്നു പോകുമെന്നു അറിയാവുന്നതുകൊണ്ടോ ആകാം ഇപ്രകാരം എഴുതിയിരിക്കുന്നു: ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നു അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവം ഇല്ല; അവന്റെ ഉപദേശത്തിൽ നിലനില്ക്കുന്നവനോ പിതാവും പുത്രനും ഉണ്ട് (2 യോഹന്നാൻ 9-11). വചനത്തിൽ മായം കലർത്തിയാണ് അനേകർ പഠിപ്പിക്കുന്നത്. എന്നാൽ ഞങ്ങളുടെ ഉപദേശം ബൈബിളുമായി ഒത്തു നോക്കുവാൻ വാക്യങ്ങൾ കൂടെ പറയുകയും രേഖപ്പെടുത്തുകയും ചെയ്യാറുണ്ട്.

അടുത്ത സമയത്തു എന്റെ ഭാര്യ ട്രെയിനിൽ യാത്ര ചെയ്യുമ്പോൾ ഒരു മതാദ്ധ്യക്ഷനോടു ബൈബിൾ സംബന്ധമായി സംസാരിക്കയുണ്ടായി. ബൈബിളിലെ പ്രധാന വിഷയങ്ങളെ പരാമർശിച്ചു അവർ സംസാരിക്കുന്നതിനിടയിൽ അദ്ദേഹം പറയുകയുണ്ടായി അതു J. C. ചോട്ടിന്റെ ഉപദേശമല്ലേ എന്ന്. ബൈബിളിൽ പ്രതിപാദിച്ചിട്ടുള്ള വേദ വാക്യങ്ങളാണ് അവർ എടുത്തു കാണിച്ചത്. എന്നിട്ടും അയാൾ ഇങ്ങനെ പറയുന്നതു കേട്ടപ്പോൾ അതിശയമായി തോന്നി. ഒരു പക്ഷെ അയാൾക്കു മാസിക കിട്ടു

ന്നുണ്ടായിരിക്കാം. സഹോദരൻ ചോട്ട് വളരെ സമർത്ഥനായ ഉപദേഷ്ടാവും എഴുത്തുകാരനുമാണ്. നല്ല നല്ല ലേഖനങ്ങൾ അദ്ദേഹം തയ്യാറാക്കി എഴുതുന്നുമുണ്ട്. പക്ഷെ അതെല്ലാം ബൈബിളിനെ ആസ്പദമാക്കിയാണ്. പറയുന്ന കാര്യങ്ങൾ ബൈബിൾ അനുസാരമെന്നു കാണിക്കുന്നതിനു മതിയായ വാക്യങ്ങളും ഉൾപ്പെടുത്തിയാണ് എഴുതുന്നത്. രക്ഷയെ കുറിച്ച് ആണെങ്കിൽ അതിനെ പററി പറയുന്ന വേദഭാഗങ്ങൾ ഉൾപ്പെടുത്തിയിരിക്കും. സഭയെ പററിയാണെങ്കിൽ ക്രിസ്തു പണിയുമെന്ന് വാഗ്ദാനം ചെയ്തതും (മത്തായി 16:18) സഭ ഒന്നേയുള്ളു എന്നതും (എഫെസ്യർ 4:4) ആ സഭയുടെ തലയും രക്ഷിതാവും ക്രിസ്തു (എഫെസ്യർ 1:23; 5:22-27) എന്നും പറയുമ്പോൾ അതു ഞങ്ങളുടെ ഉപദേശമല്ല; ക്രിസ്തുവിന്റെ ഉപദേശമാണ്. സകലവും ശോധന ചെയ്യാൻ ബൈബിൾ പറയുന്നു (1 തെസലൊനിക്യർ 5:21). ആരെങ്കിലും പറയുന്ന ഉപദേശങ്ങൾ സ്വീകരിക്കാതെ അതു ബൈബിളിൽ ഉണ്ടോ എന്നു പരിശോധിച്ച് ഉറപ്പ് വരുത്തുക (പ്രവൃത്തി 17:11).

ആർക്കും പരിശോധിക്കാൻ ഇന്നു ബൈബിൾ ലഭ്യമാണ്. ഞങ്ങൾ വളരെക്കാലമായി പഠിപ്പിച്ചുകൊണ്ടിരിക്കുന്ന വിഷയങ്ങൾ പലതുണ്ട്. സമയത്തിലും അസമയത്തിലും സത്യം പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം (2 തിമൊഥെയോസ് 4:2). യേശുക്രിസ്തുവിന്റെ സുവിശേഷം നമ്മെ ഭരമേല്പിച്ചിരിക്കയാണ്. നാം അതു സർവ്വലോകത്തിലേയും ആളുകളെ അറിയിക്കണം. കർത്താവിന്റെ കല്പനയാണത് (മത്തായി 28:18-19). ആ ഉത്തരവാദിത്വം ഞങ്ങൾ ഏറെറടുത്തിരിക്കുകയാണ്. പാപികളായ മനുഷ്യർക്കു വേണ്ടി പാപം ചെയ്യാതിരുന്ന യേശുക്രിസ്തു മരിച്ചു. അടക്കം ചെയ്യപ്പെട്ട യേശു മൂന്നാം നാൾ ഉയിർത്തെഴുന്നേററു (1 കൊരിന്ത്യർ 15:1-4). ദൈവപദ്ധതിയനുസരിച്ചാണ് യേശു അങ്ങനെ ചെയ്തതു.

യേശുക്രിസ്തു ഉപദേശിച്ചതു ദൈവേഷ്ട പ്രകാരം മാത്രമായിരുന്നു. ആകയാൽ യേശുവിൻെറ ഉപദേശം എന്നാൽ ദൈവത്തിൻെറ ഉപദേശമാണ്. യേശുക്രിസ്തുവിൽ വിശ്വസിക്കുവാൻ ദൈവം പറഞ്ഞിട്ടുണ്ട്. വിശ്വാസം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴികയില്ല. എല്ലാവരും മാനസാന്തരപ്പെടുവാനും യേശുവിനെ ദൈവ പുത്രൻ എന്നു ഏററു പറയുവാനും പാപമോചനത്തിനായി വെള്ളത്തിൽ മുങ്ങൽ സ്നാനം ഏല്ക്കുവാനും ബൈബിൾ ഉപദേശിക്കുന്നു.

ഒരു മനുഷ്യൻ ഇത്രയും കാര്യങ്ങൾ ചെയ്യുമ്പോൾ അയാളെ ക്രിസ്തു രക്ഷിക്കയും തൻെറ സഭയോടു ചേർക്കുകയും ചെയ്യും (മർക്കൊസ് 16:16; റോമർ 6:3-4; പ്രവൃ 2:38; 22:16; 2:47). ചില ആളുകൾ പറയുന്നുണ്ട്: ക്രിസ്തുവിൻെറ സഭ സ്നാനത്തിന് കൂടുതൽ പ്രാധാന്യം കൊടുത്തു സംസാരിക്കുന്നു എന്ന്. ബൈബിളിൽ പറയുന്ന സ്നാനത്തെയും അതിൻെറ ഉദ്ദേശത്തെയും ആളുകൾ അവഗണിച്ചതുകൊണ്ട് അതിനെ ഊന്നി പറയാതിരിക്കാൻ നിർവ്വാഹമില്ല. ക്രിസ്തുവിൻെറ സഭ ഒരു നാമധേയ വിഭാഗമല്ല; ക്രിസ്തുവിൻെറ സഭ എന്നു പറയുന്നത് സഭ ക്രിസ്തുവിൻെറ ആയതുകൊണ്ടാണ്. മാനുഷിക വിശ്വാസ പ്രമാണങ്ങൾ ഒന്നും ഞങ്ങൾ സ്വീകരിക്കുന്നില്ല. ബൈബിളിലെ സത്യം മാത്രം വിശ്വസിക്കയും അതു മാത്രം അനുസരിക്കയും ചെയ്യുന്നു. ക്രിസ്തുവിനെ ആദരിക്കുന്നവർ അവൻെറ കല്പനകൾ അടങ്ങുന്ന പുതിയ നിയമത്തിലെ ഉപദേശങ്ങൾ കൈക്കൊള്ളും. ക്രിസ്തുവിനെ വിശ്വസിക്കുന്നു എന്നു പറയുകയും ക്രിസ്തുവിൻെറ ഉപദേശത്തെ അംഗീകരിക്കാതിരിക്കയും ചെയ്യുന്നതു ശരിയല്ല (ലൂക്കൊസ് 6:46).

★

സ്ത്രീകൾക്കു വേണ്ടി

# സത്യാന്വേഷണം

## ബെറ്റി ബർട്ടൻ ചോട്ട്

കടയിൽ നിന്നു കൊണ്ടുവന്ന പൊതി അന്ത്രയോസ് തുറന്നു. അവൻ റാഹേലിനായി വാങ്ങികൊണ്ടു വന്ന ബൈബിൾ കാണുവാൻ ആകാംഷയോടെ അവൾ അടുത്തു വന്നു. ഈ സമയത്തു അവൾ തന്റെ ബാല്യകാലത്തെ കുറിച്ചു ഓർത്തുപോയി. അവളുടെ അമ്മ അവൾക്കു പറഞ്ഞുകൊടുത്ത കഥകളെ കുറിച്ചും അവൾ ഓർത്തു. എന്നാൽ അവൾ വളർന്നു വന്നപ്പോൾ ആത്മീയ കാര്യങ്ങളെ അവഗണിച്ചു കളഞ്ഞല്ലൊ എന്നോർത്തു അവളുടെ മനസിൽ വളരെ ദുഃഖം തോന്നി.

വേറൊരു പുസ്തകവും കൂടെ എടുത്തുകൊണ്ടു അന്ത്രയോസ് പറഞ്ഞു: "കടക്കാരൻ ഇതുകൂടെ വിലെക്കു തന്നു" എന്ന്. ഓരോ വിഷയത്തെ കുറിച്ചു ബൈബിളിൽ എവിടെ പറയുന്നു എന്നു കണ്ടുപിടിക്കാൻ സഹായിക്കുന്ന കൺകോഡൻസ് ആണ് ഇത്. ഉദാഹരണമായി സ്നേഹം, വിശ്വാസം, രക്ഷ, സഭ എന്നിങ്ങനെ നമുക്ക് അറിയേണ്ട മുഖ്യ വിഷയങ്ങളെ പരാമർശിക്കുന്ന വേദ ഭാഗങ്ങളെ അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

"ഓ അതു നന്നായി" എന്നു സന്തോഷത്തോടെ റാഹേൽ പറഞ്ഞു: നമുക്കു ബൈബിളിനെ കുറിച്ചു അധികമൊന്നും അറിവില്ലാത്തതുകൊണ്ടു വായിച്ചു മനസിലാക്കുവാൻ തീർച്ചയായും ഇതുപകരിക്കും. വാക്യങ്ങളും പ്രസംഗം എങ്ങനെയെല്ലാം ബന്ധപ്പെട്ടു കിടക്കുന്നു എന്നറിയുകയും ചെയ്യാം. ഇതായിരുന്നു റാഹേലിന്റെ മനസിൽ. ഇനി ഇപ്പോൾ ഏതാണ് ആദ്യം നോക്കേണ്ടതു എന്ന പരിഭ്രമത്തിലായിരുന്നു അവൾ.

വൈകുന്നേരത്തെ ഭക്ഷണത്തിനുശേഷം നമുക്കു ബൈബിൾ പഠനം രണ്ടായി വിഭാഗിച്ചു ആദ്യം മത്തായി എഴുതിയ സുവിശേഷത്തിൽ യേശു നമ്മോടു ചെയ്യാൻ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വായിച്ച് മനസിലാക്കാം. പിന്നീട് നമുക്കു കൺകോഡൻസിലെ വാക്കുകളിൽ ചിലതും അതിനെ പററി പറയുന്ന വാകൃങ്ങളും പഠിക്കാം എന്നു വിചാരിക്കുന്നു എന്നു അന്ത്രയോസ് പറഞ്ഞു.

ഞാൻ ഭക്ഷണമെല്ലാം കഴിച്ചു കഴിഞ്ഞു എന്നു തിമൊഥെയോസ് പറഞ്ഞു. അതിനർത്ഥം അവൻ ബൈബിൾ പഠിക്കാൻ ഒരുങ്ങി കഴിഞ്ഞു എന്നതാണ്. എല്ലാവരും ഒരുങ്ങുന്നതു വരെ ഇതു ഞാൻ പിടിച്ചുകൊള്ളാം എന്നു അവൻ പറഞ്ഞു.

അത്താഴം കഴിഞ്ഞു അന്ത്രയോസും റാഹേലും കസേരകളിൽ ഇരുന്നു. മേശപ്പുറത്തു ബൈബിളും കൺകോഡൻസും നോട്ടുബുക്കും പേനയും എടുത്തു വെച്ചു. തുടങ്ങുന്നതിനു മുൻപ് അന്ത്രയൊസ് പ്രാർത്ഥിച്ചു. അവർ പഠിക്കുവാൻ പോകുന്ന കാര്യങ്ങൾ ശരിയായി മനസിലാക്കുവാൻ ദൈവ സഹായം അത്യാവശ്യമാണ്. തുടർന്നു നിശബ്ദമായി ഓരോരുത്തരും വേദഭാഗം സ്വയമായി വായിച്ചു. എന്നിട്ടു ഓരോരുത്തരും മനസിലാക്കിയ ആശയങ്ങൾ വ്യക്തമാക്കി. ചോദ്യങ്ങളോ സംശയങ്ങളോ ഉണ്ടെങ്കിൽ അവയും ചർച്ച ചെയ്യാൻ തീരുമാനിച്ചു.

യേശുക്രിസ്തു ദൈവ പുത്രനാണെന്നു നാം വിശ്വസിക്കുന്നതുകൊണ്ടു, നാം ഇനി രക്ഷയെ കുറിച്ചും സഭയെ കുറിച്ചും എങ്ങനെ രക്ഷിക്കപ്പെടാമെന്നും മനസിലാക്കുന്നതല്ലേ കൂടുതൽ ഉത്തമം എന്നു റാഹേൽ ചോദിച്ചു. അതിനു അന്ത്രയോസ്, അതു ശരിയാണ് എന്നു തല കുലുക്കി സമ്മതിച്ചു.

ഇതിനിടയിൽ റാഹേൽ വായിച്ചുകൊണ്ടിരുന്നപ്പോൾ യോഹന്നാൻ സ്നാപകൻ വന്നു ദൈവരാജ്യം അടുത്തിരി

ക്കുന്നു എന്നു പ്രസംഗിച്ചതു അവൾക്കു മനസിലായില്ല. എന്താണീ ദൈവരാജ്യം? അവൾ ഭർത്താവിനോടു ചോദിച്ചു. ആ ചോദ്യം എഴുതി വെക്കാൻ അവൻ ആവശ്യപ്പെട്ടു. എന്നിട്ടു അതിനെ സംബന്ധിച്ച് വാക്യങ്ങൾ പരിശോധിക്കാൻ തുടങ്ങി. ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു യേശുക്രിസ്തുവും പ്രസംഗിച്ചു തുടങ്ങി (മത്തായി 4:17)

''യേശുക്രിസ്തു പ്രസംഗിച്ച വിഷയം ആകകൊണ്ടു രാജ്യം പ്രാധാന്യമുള്ളതു തന്നെ ആയിരിക്കണം'' റാഹേലിന്റെ കാഴ്ചപ്പാട് അതായിരുന്നു. അതേ അദ്ധ്യായം 23-ാം വാക്യത്തിൽ യേശു രാജ്യത്തിന്റെ സുവിശേഷമാണ് പ്രസംഗിച്ചത് എന്നു നാം വായിക്കുന്നു. രാജ്യത്തിൽ കാര്യങ്ങൾ എങ്ങനെയായിരിക്കും എന്നു തുടങ്ങിയ അനേക കാര്യങ്ങൾ അവൻ മലമേൽ വെച്ചു പ്രസംഗിച്ചു. ഇത്രയും പറഞ്ഞ് അവൾ രാജ്യത്തെ കുറിച്ചു പറയുന്ന ഭാഗങ്ങൾ അടയാളപ്പെടുത്തി.

''ഒരു മനോഹരമായ വാഗ്ദാനം ഇവിടെയുണ്ടല്ലോ'' അന്ത്രയോസ് വായിച്ചു: ഇതു പറഞ്ഞിട്ടു അവൻ അവരോടു; ''എന്തു തിന്നും എന്തു കുടിക്കും എന്നു നാളെയെ കുറിച്ച് വിചാരപ്പെടേണ്ട''. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു ലഭിക്കും. (മത്തായി 6:33).

ഇങ്ങനെയുള്ള പ്രേരണ നല്കുന്ന ഭാഗങ്ങൾ വളരെ വിലപ്പെട്ടതാണ്. കാരണം നാം നമ്മുടെ ജീവിതം ക്രമപ്പെടുത്തുകയാണല്ലോ എന്നു പറഞ്ഞു റാഹേൽ അവളുടെ പേനകൊണ്ടു അടയാളപ്പെടുത്തി. അല്പ നിശബ്ദതക്കു ശേഷം എന്താണ് മത്തായി 7:13,14 വാക്യങ്ങൾ പറയുന്നതു എന്നു റാഹേൽ ചോദിച്ചു. ''ഇടുക്കു വാതിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടി കടക്കുന്നവർ അ

നേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവും ഉള്ളത്. അതു കണ്ടെത്തുന്നവർ ചുരുക്കമത്രെ''. അതിന്റെ അർത്ഥം യേശുവിന്റെ വഴി പ്രയാസമുള്ളതാണ്. എന്നാൽ എളുപ്പമുള്ള വഴി നാശത്തിലേക്കുള്ളതാണ് എന്നത്രെ.

അടുത്ത വാക്യം ശ്രദ്ധിക്കുക, അന്ത്രയോസ് വായിച്ചു. കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു അകമെയോ കടിച്ചു കീറുന്ന ചെന്നായ്ക്കൾ ആകുന്നു. ഇതു ഇന്നത്തെ മതാദ്ധ്യക്ഷന്മാരെ കുറിച്ചല്ലേ പറയുന്നത്? റാഹേൽ ചോദിച്ചു. തെറ്റു പഠിപ്പിക്കയും പ്രചരിപ്പിക്കയും ചെയ്യുന്നവരെ എല്ലാം ഉൾപ്പെടുത്തിയിരിക്കുന്നു.

യേശുവിന്റെ നാമത്തിൽ വളരെ കാര്യങ്ങൾ പലരും ചെയ്യുന്നതു പറഞ്ഞു കേൾക്കുന്നുണ്ടല്ലൊ എന്നു റാഹേൽ പറഞ്ഞപ്പോൾ 21 ഉം 22ഉം വാക്യങ്ങൾ വായിക്കാമെന്നു അന്ത്രയോസ് പറഞ്ഞു. എന്നോടു കർത്താവേ കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കയും നിന്റെ നാമത്തിൽ വളരെ വീര്യ പ്രവർത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. ഞാൻ അവരോടു ഒരു നാളും ഞാൻ നിങ്ങളെ അറിഞ്ഞിട്ടില്ല, അധർമ്മം പ്രവർത്തിക്കുന്നവരേ എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും (വാക്യം 23).

★

# എന്റെ നാളുകൾ എത്ര

**ക്ലെം തർമാൻ**

നിങ്ങളുടെ സമയത്തെ കുറിച്ച് ശ്രദ്ധാലു ആയിരിക്ക, കാരണം നിത്യത ഉണ്ടാക്കപ്പെട്ടിരിക്കുന്നതു അതിനാലത്രേ എന്നു ആരോ പറയുകയുണ്ടായി. അതിലെ ദൈവശാസ്ത്രത്തെ നമുക്കു വാദിക്കാൻ കഴിയും. പക്ഷെ ആ പ്രസ്താവനയിൽ മൂല്യം ഉൾക്കൊള്ളുന്നുണ്ട് എന്നു സമ്മതിക്കാതെ വയ്യ. ഏററവും അമൂല്യമായ ഒരു വസ്തുവാണല്ലൊ സമയം. അതിനെ തിരികെ വാങ്ങുവാൻ നമുക്കു സാദ്ധ്യമല്ല. ജീവിതത്തിൽ നമുക്കു ഒഴിച്ചുകൂടാൻ പററാത്തതും നമുക്കു നിയന്ത്രിക്കാൻ കഴിയാത്തതുമായ ഒന്നാണ് സമയം. ദൈവം തരുന്നതുകൊണ്ടാണ് നമുക്ക് അതു ഉപയോഗിക്കാൻ കഴിയുന്നത്. കഴിഞ്ഞ കാലത്തിലെ ഒരു ദിവസമോ, മണിക്കൂറോ, മിനിററോ വീണ്ടും ജീവിക്കാനായി കൊണ്ടു വരുവാൻ സാദ്ധ്യമല്ല.

സങ്കീർത്തനക്കാരൻ രേഖപ്പെടുത്തിയിരിക്കുന്നതു: യഹോവേ, എന്റെ അവസാനത്തെയും എന്റെ ആയുസ്സു എത്ര എന്നതിനെയും എന്നെ അറിയിക്കേണമേ; ഞാൻ എത്ര ക്ഷണികൻ എന്നു ഞാൻ അറിയുമാറാകട്ടെ. ഇതാ നീ എന്റെ നാളുകളെ നാലു വിരൽ നീളമാക്കിയിരിക്കുന്നു. എന്റെ ആയുസ്സു നിന്റെ മുമ്പാകെ ഏതുമില്ലാത്തതുപോലെയിരിക്കുന്നു. ഏതു മനുഷ്യനും ഉറെച്ചു നിന്നാൽ ഒരു ശ്വാസമാത്രമായിരിക്കുന്നു എന്നത്രെ (സങ്കീർത്തനങ്ങൾ 39: 4-5). തന്റെ മരണം എങ്ങനെയായിരിക്കണമെന്നുള്ള അന്വേഷണം ആയിരുന്നില്ല ദാവീദിന്റേതു. പിന്നെയോ ജീവിതത്തിന്റെ അനിശ്ചിതത്വത്തെയും സംക്ഷേപത്തെയും പററിയായിരുന്നു ചിന്തിച്ചിരുന്നത്. കാരണം അനുഭവപ്പെടുന്ന സന്തോഷമെല്ലാം വളരെ വേഗത്തിൽ മറഞ്ഞു പോകുന്നതാണ്. മൃദുവായ വിവേകമുള്ള മനുഷ്യൻ ചിന്തി

ക്കുമ്പോൾ കിട്ടുന്ന പ്രതിഫലനം ഇതാണ്. സമയം നല്ല രീതിയിൽ ഉപയോഗിക്കേണ്ടതിനു അവർ "നാളുകളുടെ ദൈർഘ്യം" ആരാഞ്ഞു അന്വേഷിക്കുന്നു. ☻

## സൂര്യനു കീഴുള്ള എല്ലാം മായ

അതിവേഗത്തിൽ ആണ് വർഷങ്ങളും മാസങ്ങളും ആഴ്ച്ചകളും ദിവസങ്ങളും കടന്നു പോകുന്നത്. സമയം പറന്നുപോകുന്നതുപോലെ നമുക്കു തോന്നുന്നു. ടാവി വീക്ഷണത്തെ കാണുന്നവർക്കു ഭയപ്പാടുണ്ടാക്കുന്ന വേഗത്തിൽ ആണ് കാലം നീങ്ങുന്നത് ഒരു മൃദു ശരീരത്തോടുകൂടിയ ശിശുവിനെ നാം ആദ്യം കാണുന്നു. കുറെ കഴിയുമ്പോൾ ഉറച്ച ശരീരമുള്ള യുവത്വത്തെയാണ് കാണുന്നത്. അധൈര്യമില്ലാത്ത, ആത്മ ധൈര്യമുള്ള യുവാവിനെയും യുവതിയെയുമാണ് പിന്നെ ദർശിക്കുന്നത്. അരോഗദൃഢഗാത്രനായ മനുഷ്യനെ കണ്ടു കുറെ നാൾ കഴിയുമ്പോൾ നടക്കാൻ പോലും പ്രയാസപ്പെടുന്ന വാർദ്ധക്യത്തിലെത്തിയതായി അയാളെ നാം കണ്ടുമുട്ടുന്നു. കാലം ഓരോ വ്യക്തിയിലും ക്ഷയിപ്പിക്കുന്ന മാററമാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. നമുക്ക് സന്തോഷം നല്കിയ നാളുകൾ എല്ലാം വെറും ഓർമ്മമാത്രമായി അവശേഷിക്കുന്നു. മതിപ്പിനും പ്രതിഫലത്തിനുമായി ലോകത്തിലേക്കു നോക്കുന്ന ആളുകൾ അപരിഹാര്യമായ നിരാശയിലായിപ്പോകുന്നു.

ജീവിതത്തിന്റെ അർത്ഥം അന്വേഷിച്ച ശലോമോൻ സഭാപ്രസംഗിയുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് ആകാശത്തിൻ കീഴിൽ സംഭവിക്കുന്നതൊക്കെയും ജ്ഞാനത്തോടെ ആരാഞ്ഞറിയേണ്ടതിനു ഞാൻ മനസു വെച്ചു; ഇതു ദൈവം മനുഷ്യർക്കു കഷ്ടപ്പെടുവാൻ കൊടുത്ത വല്ലാത്ത കഷ്ടപ്പാടുതന്നേ. സൂര്യനു കീഴെ നടക്കുന്ന സകല പ്രവർത്തികളും ഞാൻ കണ്ടിട്ടുണ്ട്. അവയൊക്കെയും മായയും വൃഥാ പ്രയത്നവും അത്രേ (സഭാപ്രസംഗി 2:

13-14). സന്തോഷം, സുഖം, ചിരി, വീഞ്ഞ് എന്നിവയി ലെല്ലാം ശലോമോൻ നോക്കി. അവനും അവന്റെ ദാസ ന്മാരും ചെയ്ത വലിയ പ്രവൃത്തികളുടെ നേട്ടങ്ങളേയും സ്വർണ്ണം, വെള്ളി തുടങ്ങിയ വില പിടിപ്പുള്ള വസ്തുക്ക ളെയും നോക്കി അവസാനം വിലയിരുത്തിയതു: എല്ലാം മാ യയും വൃഥാ പ്രയത്നവും അത്രേ; സൂര്യന്റെ കീഴിൽ യാതൊരു ലാഭവുമില്ല (സഭാപ്രസംഗി 2:11). ലോകത്തി ലെ ഏററവും വലിയ ധനാഢ്യൻ, ജ്ഞാനി, കീർത്തികേട്ട രാജാവ് എന്നീ നിലയിൽ ലൗകികമായ ഉയർന്ന വ്യക്തി ആവർത്തിച്ചു പറയുന്നത് ''എല്ലാം മായ'' എന്നാണ് തന്റെ പുസ്തകം അവസാനിപ്പിക്കുന്നത് ഇപ്രകാരമാകുന്നു എല്ലാററിന്റേയും സാരം കേൾക്കുക; ദൈവത്തെ ഭയപ്പെ ട്ടു അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക; അതു ആകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത് സഭാപ്രസം ഗി 12:13).

ഈ ലോകത്തിന്റെ വ്യർത്ഥ വാഗ്ദാനങ്ങളേയും അതി ൽ ആശ്രയിക്കുന്നതിന്റെ മൗഢ്യത്തെയും യേശു മുന്നറിയി ച്ചിട്ടുണ്ട്. പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്; നിക്ഷേപം സ്വർഗ്ഗത്തിലാ ണെങ്കിൽ അത് സുരക്ഷിതമായിരിക്കും. അതിനായി മു മ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിക്കണം. അ തോടുകൂടെ ഭൗതികമായ ആവശ്യങ്ങൾ ദൈവം നിറവേററി തരും (മത്തായി 6:19-20,33). നിങ്ങൾക്കുള്ളതിനെ നോ ക്കി നിങ്ങളുടെ ജീവിതത്തെയും വിജയത്തെയും അളക്കു വാൻ നോക്കുന്നത് തെററാണ്. സകല ദ്രവ്യാഗ്രഹവും സൂ ക്ഷിച്ചു ഒഴിഞ്ഞു കൊൾവിൻ; ഒരുത്തനു സമൃദ്ധി ഉണ്ടായാ ലും അവന്റെ വസ്തുവകയല്ല അവന്റെ ജീവനു ആധാര മായിരിക്കുന്നത് (ലൂക്കൊസ് 12:15). ഇഹലോകത്തിലേ ക്കു നാം ഒന്നും കൊണ്ടു വന്നില്ല; ഇവിടെ നിന്നു യാതൊ ന്നും കൊണ്ടുപോകാൻ കഴിയുന്നതുമല്ല. ഉൺമാനും ഉടു

പ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക. ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാര നാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇട വരുന്ന മൌഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായി തീരുകയും ചെയ്യുന്നു (1 തിമൊഥെയോസ് 6;7-9).

## നാം വിതെക്കുന്നതു തന്നെ കൊയ്യും

കാലാവസ്ഥ മാറി മാറി വരുന്നതു നമുക്ക് അനുഭവപ്പെടുന്നുണ്ട്. മഴക്കാലം കഴിഞ്ഞു മഞ്ഞുകാലവും പിന്നീട് വേനൽക്കാലവും ഉണ്ടാകുന്നു. കൃഷിക്കാർ വിതെക്കുകയും കൊയ്യുകയും ചെയ്യുന്നുണ്ട്. വിതെക്കുന്ന കാലവും കൊയ്യുന്ന കാലവും വ്യത്യസ്ഥമാണ്. ഒരു കൃഷിക്കാരന്റെ വീട്ടിൽ ജനിച്ചു വളർന്നതുകൊണ്ടു മനുഷ്യർ വിതെക്കുന്നതു തന്നെ കൊയ്യും എന്ന തത്വം ഞാൻ ബാല്യത്തിൽ തന്നെ പഠിച്ചിരുന്നു. പക്ഷെ ഇതു ജീവിതത്തിലും വാസ്തമാണ്. ധാന്യവിതെയിൽ സുഖഭോഗത്തിൽ മുഴുകിയിരിക്കുന്നവർ പിൽക്കാലത്തു ദുഃഖത്തിലും നിരാശയിലും ആയിരിക്കും. വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതെക്കുന്നതു തന്നേ കൊയ്യും. ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽ നിന്നു നാശം കൊയ്യും; ആത്മാവിൽ വിതെക്കുന്നവൻ നിത്യജീവനെ കൊയ്യും (ഗലാത്യർ 6:7-8). തെററായ തിരഞ്ഞെടുപ്പിനെ പഴയ നിയമ പ്രവാചകൻ ഓർമ്മിപ്പിക്കുന്നുണ്ട്. അവർ കാററു വിതെച്ചു കൊടുങ്കാററു കൊയ്യും (ഹോശേയ്യാവ് 8:7). വിതെക്കുന്നതിനു ഞാൻ കുറച്ചു മാത്രം ചെയ്തിട്ടു നല്ല വിളവു കിട്ടാതിരിക്കുന്നതുകൊണ്ടു പ്രാർത്ഥിച്ചാൽ എന്തു പ്രയോജനം? ഇന്നു നാം തിരഞ്ഞെടുക്കുന്നതിന്റെ ഫലമാണ് നാം നാളെ അനുഭവിക്കുന്നത്.

(ശേഷം അടുത്ത ലക്കത്തിൽ)

★

# തികഞ്ഞ പ്രവാചകൻ

**J. L. ലീഫെസ്റ്ററെ**

ഒരു പ്രവാചകനെ ദൈവത്തിന്റെ വക്താവ് അല്ലെങ്കിൽ ദൈവത്തിനു വേണ്ടി സംസാരിക്കുന്നവൻ എന്നു നിർവ്വചിക്കാം. അസാധാരണമായ ജ്ഞാനം ഒരു പ്രവാചകനെ സ്വാധീനിച്ചിരിക്കും. ദൈവ സന്ദേശം അറിയുന്നതിന്റെ ലക്ഷ്യവും അവനിൽ പ്രകടമാകും. മനുഷ്യർക്കു ഈ സന്ദേശം വിശ്വസിക്കയോ അവിശ്വസിക്കയോ ചെയ്യാം. ചിലപ്പോൾ അതു ഭാവിയിലേക്കുള്ള സന്ദേശമായിരിക്കും, അല്ലെങ്കിൽ ചില സംഭവങ്ങളുടെ വിശദീകരണമോ വ്യാഖ്യാനമോ ആകാം. ഈ ദൈവശ്വാസീയ വാക്കുകളിൽ പ്രാധാന്യമർഹിക്കുന്നത് ദൈവത്തിന്റെ സ്വഭാവം, മനോഭാവം, നിർദ്ദേശം എന്നിവ വെളിപ്പെടുത്തിയിരിക്കുന്നു.

ആയിരക്കണക്കിനു വർഷങ്ങളോളം പ്രവാചകന്മാർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ധാരാളം പേർ ഉണ്ടായിരുന്നു. അവരിൽ ചിലർ സത്യത്തിലുള്ള പ്രവാചകന്മാരും മററുള്ളവർ കള്ള പ്രവാചകന്മാരും ആയിരുന്നു. ഈ പ്രവാചകന്മാരിൽ വെച്ച് ശ്രേഷ്ഠനായ ഒരു സത്യ പ്രവാചകനെ നമുക്കു പരിചയപ്പെടുത്തി തരുന്നുണ്ട്. ഈ വലിയ പ്രവാചകൻ വരുന്നതിനു മുൻപു തന്നെ അവന്റെ ആവിർഭാവത്തെ മുന്നറിയിച്ചിരുന്നു (ആവർത്തന പുസ്തകം 18:15-22; പ്രവൃത്തി 3:20-23). അവനാണ് യേശുക്രിസ്തു എന്ന തികഞ്ഞ പ്രവാചകൻ. മൂന്നു കാലങ്ങളെയും പരിഗണിച്ചു നോക്കുമ്പോൾ തികഞ്ഞ പ്രവചനങ്ങൾ നല്കിയ ഒരു പരിപൂർണ്ണ പ്രവാചകനെ അവനിൽ നമുക്കു കാണാൻ കഴിയും.

**ഭൂതകാലം**

സമയം ആരംഭിക്കുമ്പോൾ പോലും ദൈവോദ്ദേശം അറിയിക്കുന്നവനായിരുന്നു യേശുക്രിസ്തു. അവൻ വച

നമായിരുന്നു. എല്ലാം അവൻ മുഖാന്തരമാണ് സൃഷ്ടിക്കപ്പെട്ടതു (യോഹന്നാൻ 1:1-10; കൊലൊസ്സ്യർ 1:16; എബ്രായർ 1:10). ദൈവത്തിന്റെ ഒരു ഭാഗമായിരുന്ന അവനെപ്പോലെ ശ്രേഷ്ഠതയുള്ള തികഞ്ഞവനായി മററാരുമില്ല എന്നു തീർത്തു പറയാം (യോഹന്നാൻ 8:58; 10:30; 17; 24) വചനത്തേക്കാൾ ഉയർന്ന രീതിയിൽ ദൈവ സന്ദേശം നല്കുവാൻ ആർക്കും കഴിയുകയില്ല. ദൈവത്തിന്റെ സൃഷ്ടിപരമായ ഉദ്ദേശത്തെ പ്രത്യേകമായി എടുത്തു കാണിക്കുന്ന ദൈവത്തിന്റെ പ്രഭയും മുദ്രയും ആയിരുന്നു അവൻ.

ഭൂമിക്കു അടിസ്ഥാനമിടുന്നതിനു മുൻപുണ്ടായിരുന്നവനായിരുന്നു ഈ സന്ദേശ വാഹകൻ (1 കൊരിന്ത്യർ 2:7 എഫെസ്യർ 1 :4; 3:9; കൊലൊസ്യർ 1:25-27; 1 തിമൊഥെയോസ് 1:9; തീത്തൊസ് 1:2). രക്ഷാപദ്ധതിയാകുന്ന സുവിശേഷം പ്രസംഗിക്കുമ്പോൾ ക്രിസ്തുവിനെ പററിയാണ് സംസാരിക്കുന്നത്. കാരണം ക്രിസ്തുവാണ് സുവിശേഷത്തിലെ കേന്ദ്രബിന്ദു (എഫെസ്യർ 1:9-10). മനുഷ്യർ ആദ്യമായി പാപം ചെയ്തപ്പോൾ ദൈവം, സ്ത്രീയുടെ സന്തതിയെ വാഗ്ദാനം ചെയ്യുന്നതു ക്രിസ്തുവിനെ സൂചിപ്പിച്ചതാണ് (ഉല്പത്തി 3:15). ആ സമയം മുതൽ പഴയ നിയമത്തിൽ മനുഷ്യ ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നതു വായിച്ചാൽ ദൈവത്തിന്റെ വാഗ്ദാനങ്ങളും മുന്നറിയിപ്പുകളും പദ്ധതിയും അറിയാൻ പററും. ആ പ്രവാചകന്മാരെല്ലാം ഒരു തികഞ്ഞ പദ്ധതിയെയാണ് വെളിപ്പെടുത്തിയത് (ഉല്പത്തി 12:3; 49:10; സങ്കീർത്തനം 1:10; യെശയ്യാവ് 53; യിരെമ്മ്യാവ് 23:5-6; ദാനിയേൽ 2:44; മലാഖി 5:2; സെഖര്യാവ് 9:9; 12.10 തുടങ്ങിയവ).

ദൈവത്തിന്റെ ഉടമ്പടിയുടെ സന്ദേശ വാഹകൻ എന്ന നിലയിലും യേശുക്രിസ്തുവിനെ പരാമർശിച്ചിട്ടുണ്ട് (മലാഖി 3:1; മത്തായി 4:17; മർക്കൊസ് 1:4; എബ്രായർ

1:1-2). വചനം ജഡമായി തീർന്നു ദൈവ വാഗ്ദാനം നിറവേററി. അങ്ങനെ ക്രിസ്തുവിൻെറ പുതിയ പ്രമാണം നിലവിൽ വന്നു (മത്തായി 1:21-23; പ്രവൃത്തി 13:38-39; റോമർ 8:1-4; 2 കൊരിന്ത്യർ 5:19; ഗലാത്യർ 4:4-5). ന്യായപ്രമാണം അവൻ നിവർത്തിക്കേണ്ടതും ആവശ്യമായിരുന്നു (ഗലാത്യർ 3:27-29). തികവുള്ള യാഗമായി തീരുവാൻ ക്രിസ്തു എല്ലാററിലും അനുസരണമുള്ളവനായി തീർന്നു (ലൂക്കൊസ് 22:42; യോഹന്നാൻ 15:12; ഫിലിപ്പിയർ 2:8; എബ്രായർ 5:8-9). ഇസ്രായേൽ ദേശത്തിനു നല്കിയ പഴയ നിയമം അവൻ അനുസരിച്ചു പാപം കൂടാതെ ജീവിച്ചു (1 കൊരിന്ത്യർ 5:21; എബ്രായർ 4:15; 1 പത്രൊസ് 2:22-24; 1 യോഹന്നാൻ 3:5). ദൈവ ഭക്തിയുടെ ഗുരുവും പ്രവാചകനും എന്ന നിലയിൽ തികഞ്ഞ മാതൃകയാണ് യേശുവിൻെറ ജീവിതം, അവൻെറ ഉപദേശം വസ്തു നിഷ്ഠവും ഹൃദയ സ്പർശിയും വിസ്മയാവഹവുമായിരുന്നു, കാരണം അവൻ വചനമായിരുന്നു. അവനിൽ മാത്രമുണ്ടായിരുന്ന ദൈവിക ജ്ഞാനം ദൈവത്തെ വെളിപ്പെടുത്തി; ശബ്ദത്തിലൂടെ പ്രവൃത്തികളിലൂടെയും മററൊരു മനുഷ്യനും കഴിയാത്ത വിധത്തിൽ അവൻ അതു ചെയ്തു (യോഹന്നാൻ 1:18; കൊലൊസ്യർ 1:15). അവൻ കൃപയും സത്യവും നിറഞ്ഞവനായിരുന്നു. അവൻ തന്നെ തികഞ്ഞ സത്യമായിരുന്നു (യോഹന്നാൻ 1:14; 18:37; 14:6)

സകലവും സൃഷ്ടിക്കപ്പെട്ട വചനമായിരുന്നു ക്രിസ്തു. ഇന്നും നമ്മുടെ രക്ഷയുടെ കേന്ദ്രബിന്ദുവും മുഖ്യ ഘടകവും അവൻ തന്നെ (യോഹന്നാൻ 11:25; 1 യോഹന്നാൻ 5:11,12). കൃത്യതയോടും വിശുദ്ധിയോടും ദൈവത്തിൻെറ രക്ഷാ സന്ദേശം അവതരിപ്പിച്ചവനായിരുന്നു ക്രിസ്തു (യോഹന്നാൻ 6:60,68; 14:24). സമർപ്പണവും അനുസരണവും പൂർണ്ണമായി മാതൃകയാക്കാവുന്ന മററൊരു വ്യക്തിയില്ല. ഈ ഭൂമിയിൽ അവൻ മനുഷ്യനായി

ജീവിച്ചപ്പോൾ തെററുകൾ ഇല്ലാത്ത സത്യ പാത്രമായിരുന്നു അവൻ. തികഞ്ഞ പ്രവാചകൻ തന്നെയായിരുന്നു അവൻ. പുതിയ നിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ക്രിസ്തുവിൻെറ സന്ദേശത്തിൽ യാതൊരു അപാകതയും ആർക്കും ചൂണ്ടികാണിപ്പാൻ സാദ്ധ്യമല്ല. ദൈവ ദൂതിൻെറ പ്രത്യേകതയാണത്.

## വർത്തമാനകാലം

നമ്മുടെ ശ്രദ്ധയും വിശ്വാസവും ഉറപ്പിക്കുന്ന കല്പനാ പ്രാധാന്യമുള്ളതായിരുന്നു ക്രിസ്തുവിൻെറ ഭൂതകാലം. എന്നാൽ അതിലും കൂടുതൽ അവങ്കലേക്കു നമ്മെ നയിക്കുന്നവ ക്രിസ്തു എന്ന പ്രവാചകനിൽ അഥവാ അവൻെറ വചനത്തിൽ ഉണ്ട്. അവൻ ആരാണെന്നതിലും അവൻെറ സന്ദേശത്തിലും ഇന്നു അവനു നമ്മോടുള്ള കരുതലുകൾ വ്യക്തമാക്കുന്നുണ്ട്.

ദൈവത്തിൻെറ ഏകജാതനായ പുത്രനായിട്ടായിരുന്നു അവൻ വന്നത് (മത്തായി 3:7; യോഹന്നാൻ 31:6; റോമർ 1:4,5; കൊലൊസ്സ്യർ 2:9). അവൻ ഇന്നു പിതാവിൻെറ വലത്തു ഭാഗത്തിരിക്കുന്നു (മർക്കൊസ് 16:19; ലൂക്കൊസ് 22:69; എഫെസ്യർ 1:20). തൻെറ ഉപദേശത്തെ സ്ഥിരീകരിച്ചു സ്ഥാപിച്ചിരിക്കുന്ന പരമാധികാരം അവൻ വഹിക്കുന്നു (മത്തായി 28:18; എഫെസ്യർ 1:22; ഫിലിപ്പിയർ 2:9; കൊലൊസ്സ്യർ 1:18; 1 പത്രൊസ് 3:22). മറെറാരു പ്രവാചകനിലും ഇല്ലാത്ത ദൈവികത്വം, അധികാരം, നിത്യ ജീവൻ, പരിജ്ഞാനം, തിന്മയുടെ മേലുള്ള ജയം എന്നിവ അവൻെറ ഉദ്ദേശത്തെ കൈക്കൊള്ളുന്നതാക്കുന്നു.

(ശേഷം അടുത്ത ലക്കത്തിൽ)

★

# ജീവിത വഞ്ചി

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

ഭാരംപെരുത്തുള്ള ജീവിതവഞ്ചിയോ,
പോകാൻമടിക്കുന്നു തട്ടിയും മുട്ടിയും
ചുക്കാൻ പിടിക്കാൻമടിക്കുന്ന മാനുഷാ
ആശിച്ചതീരത്തതെങ്ങനെ ചെല്ലുമേ

വള്ളുംപഴിയും വില്ലുംശരംപോലെ
കൊല്ലാതെകൊല്ലുമേ ജീവിതവഞ്ചിയെ
കഷ്ടവും നഷ്ടവും കൂടപ്പിറപ്പുപോൽ
ജീവിതവഞ്ചിയെ മുക്കാൻതുടങ്ങുന്നു

ആഴക്കടലിൻ നടുവിൽകടന്നാലും
ആഴത്തിലാണെന്ന ചിന്തഭരിക്കുകിൽ
ഒന്നുംഭവിക്കില്ല ജീവിതവഞ്ചിക്ക്
ഓടാൻകഴിയുമേ ഓടിജയിക്കുമേ

ചക്രവാളത്തിന്റെ അക്കരെഎത്തുവാൻ
വെമ്പൽപിടിക്കുന്ന ഓടുന്നവഞ്ചിയെ
ഓളങ്ങളേറുന്ന വൻതിരതള്ളലിൽ
ആടിയുലയുമ്പോൾ താങ്ങി നിർത്തുവാൻ.

ചുക്കാൻപിടിക്കുന്ന ശ്രീയേശുദേവനെ
ഹൃത്തിൽ ചുമക്കുവാൻ ഹൃത്തടം മാറണം
വാട്ടം ചുളുക്കുമോ നന്നായിമാറുമേ
ബൈബിളിൻ ട്രൂത്തിന്റെ താളുകൾ നോക്കണേ?

★

# വിശ്വാസ്യ വചനത്തെ മുറുകെ പിടിക്കൽ

**ക്ലെം തർമാൻ**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ദൈവം മനുഷ്യർക്കു വേണ്ടി നല്കിയിരിക്കുന്ന സന്ദേശം മനസിലാക്കാൻ പറ്റാത്തതെന്നു പറഞ്ഞു ദൈവത്തെ പഴിക്കുന്നതു ബുദ്ധിമോശമാണ്. നാം അതു വായിക്കുവാൻ തയ്യാറാകണം. ബൈബിൾ വായിച്ച് വിശ്വസിക്കുകയും ബൈബിൾ പ്രസംഗിക്കയും ബൈബിൾ ഉദ്ധരിക്കുകയും ബൈബിളിൽ പറയുന്നതുപോലെ ജീവിക്കുകയും ചെയ്യുന്നവരാകാം നമുക്ക്.

## ഏക സഭയെ കുറിച്ച് പ്രസംഗിക്കുക

ഞാൻ എന്റെ സഭയെ പണിയുമെന്നു യേശു പറഞ്ഞു (മത്തായി 16:18). യേശുവിന്റെ ഈ ഭൂമിയിലെ അന്ത്യനിമിഷങ്ങളിലുള്ള പ്രാർത്ഥന, തന്നിൽ വിശ്വസിപ്പാനിരിക്കുന്ന എല്ലാവരും ഒന്നാകേണ്ടതിനായിരുന്നു (യോഹന്നാൻ 17:21). എല്ലാവരും ഒന്നു തന്നെ സംസാരിക്കണമെന്നും നിങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടാകരുതെന്നും അപ്പൊസ്തലൻ ആജ്ഞാപിച്ചു (1 കൊരിന്ത്യർ 1:10). യേശു ഒരു നാമധേയ വിഭാഗവും സ്ഥാപിച്ചിട്ടില്ല. ആരെയും നാമധേയ വിഭാഗത്തിൽ ചേരുവാൻ അനുവദിക്കുന്നുമില്ല. എന്നിട്ടും കർത്താവിന്റെ സഭയിലെ ചില ആളുകൾ നാമധേയ വിഭാഗങ്ങളുമായി ചേർന്നു അവരുടെ നല്ല പ്രവർത്തികളിൽ കൂട്ടാളികൾ ആകുന്നു. നാമധേയ വിഭാഗങ്ങളിലുള്ളവരെ സഹോദരങ്ങളായി കാണുകയും അവരുമായി കൂട്ടായ്മ പുലർത്തുകയും ചെയ്യുന്ന ഉപദേഷ്ടാക്കന്മാരുമുണ്ട്. ക്രിസ്തുവിന്റെ സഭയുടെ പരിശുദ്ധി നിലനിർത്തുവാൻ ആഗ്രഹിക്കുന്നവർ അതിനു തുനിയുക

യില്ല. സത്യത്തിൽ നിന്നു് പടി പടിയായി അകലുന്ന പ്രവണത ആർക്കും ഭൂഷണമല്ല. നാമധേയ വിഭാഗീയതയെ നാം പ്രോൽസാഹിപ്പിക്കാൻ പാടില്ല. ഉപദേശത്തിൽ വ്യത്യാസമുള്ളവർ കർത്താവിൻെറ സഭ എന്ന് അറിയപ്പെട്ടാലും അതാകുകയില്ല എന്നോർക്കണം.

നാം ക്രിസ്തുവിനെയും അവൻെറ സഭയെയും പ്രസംഗിക്കണം. ഏതെങ്കിലും ഒന്നു മാത്രമല്ല, രണ്ടും വേണം. മനുഷ്യർ സഭകൾ ഉണ്ടാക്കി കർത്താവിൻെറ സഭയോടു മത്സരിക്കുന്നവർ മനസിലാക്കേണ്ടതു ക്രിസ്തു സഭക്കു വേണ്ടി മരിച്ചു എന്നും സഭയെ വിലെക്കു വാങ്ങിയത് അവൻെറ രക്തവുമാണ് എന്നത്രെ (എഫെസ്യർ 5:25; പ്രവൃത്തി 20:28). കർത്താവ് രക്ഷിക്കുന്നവരെ തൻെറ സഭയോടു ചേർക്കുന്നു (പ്രവൃത്തി 2:47). യേശു മരിച്ചതു നാമധേയ വിഭാഗത്തിനു വേണ്ടിയല്ല; കർത്താവിൻെറ സഭ എന്നതു അനേക സഭകളിൽ ഒന്നല്ല; കർത്താവു പണിത സഭ ഒന്ന്. ആ ഏക സഭയെ നാം തിരിച്ചറിയണം. ഏക സുവിശേഷം പ്രസംഗിച്ചാൽ കർത്താവ് അതനുസരിക്കുന്നവരെ രക്ഷിക്കും; സഭയോടു ചേർക്കും. ആ സഭയെ നാം പ്രസംഗിച്ചാൽ കർത്താവു പ്രസാദിക്കും. കാരണം കർത്താവ് ആ സഭയെ സ്നേഹിക്കയും തന്നെത്താൻ സഭയ്ക്കുവേണ്ടി ഏല്പിച്ചു കൊടുക്കയും ചെയ്തു (എഫെസ്യർ 5:25). നാം ആ സഭയെ സ്നേഹിക്കുന്നുവെങ്കിൽ ആ സഭയെ സമൂഹത്തിൽ നിലനിർത്തും.

## രക്ഷാപദ്ധതി പ്രസംഗിക്കുക

നാം വിശ്വസ്ഥ വചനത്തെ മുറുകെ പിടിക്കുന്നവരാണെങ്കിൽ, രക്ഷിക്കപ്പെടുവാൻ പാപികൾ എന്തു ചെയ്യണമെന്നു നാം പറയും. സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക, വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും (മർക്കൊസ് 16: 15-16). ആ സഭ ആരംഭിച്ച ദിവസം പത്രൊസിൻെറ പ്ര

സംഗംകേട്ടു വിശ്വസിച്ചവരോടു പറഞ്ഞു: "നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ" (പ്രവൃത്തി 2:38). ഫലമോ?- അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനമേറ്റു. അന്നു മൂവായിരം പേർ അങ്ങനെ അവരോടു ചേർന്നു. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു (പ്രവൃത്തി 2:47). വചനം അനുസരിക്കുന്നവരെയാണ് കർത്താവ് രക്ഷിക്കുന്നതെന്നും, രക്ഷിക്കപ്പെടുന്നവരെയാണ് കർത്താവ് തന്റെ സഭയോട് ചേർക്കുന്നതെന്നും പ്രസ്താവിപ്പാൻ വിശ്വാസ്യ വചനം ആവശ്യപ്പെടുന്നു. യേശുക്രിസ്തു കല്പിച്ച ഉപദേശങ്ങൾ അനുസരിക്കാത്തവരെ സഹോദരങ്ങളായി എങ്ങനെ കാണാൻ കഴിയും? നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കയും ഞാൻ പറയുന്നതു ചെയ്യാതിരിക്കയും ചെയ്യുന്നത് എന്ത് എന്നു കർത്താവ് ചോദിക്കുന്നു (ലൂക്കൊസ് 6:46).

ദൈവ കൃപയെ കുറിച്ചുള്ള പ്രസംഗം ചില കോണുകളിൽ നിന്നും നാം കേൾക്കുന്നുണ്ട്. വളരെ കാലം കഴിഞ്ഞിട്ടാണെങ്കിൽ പോലും അതു നല്ലതാണ്. പക്ഷെ ചിലർ ധരിച്ചു വച്ചിരിക്കുന്നത് കൃപയാൽ മാത്രമാണ് നാം രക്ഷിക്കപ്പെടുന്നത് എന്നാണ്. എഫെസ്യർ 2:8 നോക്കുക: അവിടെ പറയുന്നത്: കൃപയാലത്രെ വിശ്വാസം മൂലം നാം രക്ഷിക്കപ്പെടുന്നത് എന്നത്രെ. ദൈവം ചെയ്യുന്നതെല്ലാം കൃപയോടു കൂടിയതാണ്. കാരണം നാം അതു ലഭിക്കുവാൻ യോഗ്യരല്ല. നാം പാപികൾ ആയിരിക്കുമ്പോൾ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. എല്ലാവർക്കുമായി അവൻ മരണം ആസ്വദിച്ചു (എബ്രായർ 2 9). ക്രൂശ്, രക്തം, സുവിശേഷം, പാപമോചനം, എന്നു വേണ്ട സകല ആത്മിക അനുഗ്രഹങ്ങളും ദൈവ കൃപയാൽ നല്കുന്നതാണ്.

★

**YOUR ATTENTION PLEASE !**

# Radio Srilanka Broadcasts

**ENGLISH** - The Voice of Truth - Speakers: **Reggi Gnanasundaram** and **J. C. Choate**
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi - 110 049.
Fridays - 7.45 to 8.00 P.M.

**HINDI** - Satya Susamachar-Speaker. **Sunny David.**
All correspondence should be sent to
Satya-Susamachar.
Post Box 3815, New Delhi - 110 049.
Sundays - 8.45 to 9.00 P.M.
Tuesdays - 9.00 to 9.15 P.M.
Thursdays - 9.00 to 9.15 P.M.

**TELUGU** - The Voice of Truth-Speaker: **Joshua Gootam**
All correspondence should be sent to The Voice of Truth
Post Box 80, Kakinada - 533 001.
Sundays - 2.00 to 2.15 P.M.
Tuesdays - 2.00 to 2.15 P.M.
Thursdays - 2.00 to 2.15 P.M.

**TAMIL** - "The Way of Truth"-Speaker: **P. R. Swamy**
All correspondence should be sent to The Way of Truth
Post Box 8405, Bangalore - 560 084
Thursdays - 6.45 to 7.00 P.M.
Sundays - 6.45 to 7.00 P.M.

**MALAYALAM** -The Voice of Truth -Speaker: **P. K. Varghese**
All correspondence should be sent to Church of Christ
Trivandrum - 695 034, Kerala.
Fridays - 3.45 to 4.00 P.M.

**KANNADA** - The Voice of Truth - **Speaker : Robert Rathnakar** - Box. 448, Bangalore - 560 004
Sundays - 1.45 to 2.00 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited: Printed and Published by P. K. Varghese Church of Christ
Tvm : Printed at Joshah Printers, Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*you are cordially invited*
To Attend
**Services and Bible Studies**

Sunday - 10.00 a.m.
Tuesday - 6.30 p.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

From

**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378

To